(സി) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നിലവിലുള്ള ഒഴിവുകളിൽ എല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തിയിട്ടുമുണ്ട്.

സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2-ന്റെ ജില്ലയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ബന്ധപ്പെട്ട ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്റെ തസ്തികയിൽ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റാഫ് നേഴ്സ് ഗ്രേഡ്-I-ന്റെ 23 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഹെഡ് നേഴ്സുമാരുടെ 170 ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-2, ഒപ്റ്റൊമെട്രിസ്റ്റ് ഗ്രേഡ്-2 എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ ഒഫ്താൽമിക് കോ-ഓർഡിനേറ്റർ, ജൂനിയർ സയന്റിഫിക് ഓഫീസർ, സയന്റിഫിക് ഓഫീസർ എന്നീ തസ്തികകൾ ഗസറ്റഡ് പ്രൊമോഷൻ തസ്തികയായതിനാൽ ടി തസ്തികയിൽപ്പെട്ടവരെ നിയമിക്കുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി പ്രൊമോഷൻ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ

63 (728) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ മേഖലയിൽ എത്ര സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ബി) പുതുതായി തുടങ്ങിയ മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിൽ 21 സ്പെഷ്യാലിറ്റി ആശുപത്രികൾ പ്രവർത്തിക്കുന്നു.

വാഴക്കാട് പി.എച്ച്.സി.-യിൽ ആവശ്യമായ തസ്തിക

64 (729) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് പി.എച്ച്.സി.-യിൽ 24 മണിക്കൂറും പ്രവർത്തിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലെ PLB 3/65936/11 എന്ന നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആവശ്യമായ തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലെ പി.എൽ.ബി. 3/65936/11 എന്ന നമ്പർ കത്ത് 10749/എം1/2014/ആ.ക.വ. എന്ന ഫയലാണ്. പ്രസ്തുത ഫയലിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഡയറക്ടറോട് കിടത്തിചികിത്സക്കായി അധിക തസ്തികകൾ എങ്ങനെ കണ്ടെത്താനാകുമെന്നും, കിടത്തിചികിത്സ ആരംഭിക്കുവാൻ വേണ്ട ഭൗതിക സാഹചര്യം നിലവിലുണ്ടോയെന്നും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly